**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *374** **12.05.2017-ന് മറുപടിയ്ക്ക്**

# വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിലുള്ള നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി എം. ജോൺ | ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ; | (എ) | പുതുതായി ഒരു വനം കയ്യേറ്റവും അനുവദിക്കുകയില്ല എന്നും അവ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കുക എന്നുള്ളതുമാണ് നയം. പഴയ വനം കയ്യേറ്റങ്ങൾ, നിയമങ്ങളിലും ചട്ടങ്ങളിലും നിശ്ചയിച്ചിട്ടുള്ള നടപടികൾ പൂർത്തീകരിച്ചും, കോടതി ഉത്തരവുകൾ പാലിച്ചും, ആവശ്യമായ അവധാനതയോടെയും ഒഴിപ്പിക്കുക എന്നതും നയത്തിന്റെ ഭാഗമാണ്. |
| (ബി) | കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ വനാതിർത്തികളിൽ സ്ഥിരം ജണ്ടകളും കയ്യാലകളും നിർമ്മിച്ചും, ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി നടത്തുമോ; വിശദമാക്കാമോ? | (സി) | വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ വേർതിരിക്കുന്നതിനുള്ള പ്രവർത്തികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി വനാതിർത്തികളിൽ സ്ഥിരം ജണ്ട നിർമ്മാണം പുരോഗമിക്കുന്നു. ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന ജണ്ടനിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് തുടർ നടപടി റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ചുവരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 120 വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മൂന്നു മാസത്തെ |

| | | | |
|---|---|---|---|
| | | | സർവ്വെ പരിശീലനം നൽകി ഇവരുടെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്. ഈ പ്രവർത്തിക്ക് ആവശ്യമായ ഫണ്ടും ലഭ്യമായിട്ടുണ്ട്.<br>ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ, ഹെഡ്ക്വാട്ടേഴ്സ്, സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**